(സി) ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്തിലുടനീളം നടപ്പാക്കിയ വിവിധ പദ്ധതികളിൽ വിറ്റുപോകാതെ കിടന്ന ഏകദേശം 100 കോടി രൂപയോളം വരുന്ന ആസ്തികൾ വില കുറച്ച് വിൽക്കുന്നതിന് 16-6-2003, 16-7-2003 എന്നീ തീയതികളിലെ ജി. ഒ. (എം. എസ്.) 23/2003/ഭവനം, ജി. ഒ. (എം.എസ്.) 25/2003/ ഭവനം നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഭവന നിർമ്മാണ ബോർഡിനെ അനുവദിച്ചിരുന്നു. ഇതു പ്രകാരം ദിനപത്രങ്ങളിലും ടി. വി. ചാനലുകളിലും വ്യാപകമായ പരസ്യങ്ങൾ നൽകുകയും വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റാറ്റ്യൂട്ടറി അലോട്ടുമെന്റ് അറിയിപ്പുകൾ നൽകുകയും ചെയ്തു. മേൽപ്പറഞ്ഞ അലോട്ട്മെന്റിൽ വിറ്റു പോകാതെ കിടക്കുന്ന യൂണിറ്റുകൾ 5-3-2001-ലെ ജി. ഒ. (എം.എസ്.) 9/2001/ഭവനം നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കമ്മ്യൂട്ടേഷൻ/ലേല വ്യവസ്ഥയിൽ വിൽപ്പന നടത്തിവരുന്നു. മേൽ നടപടികൾക്കുപുറമേ വീട്/ഫ്ളാറ്റ്/ പ്ലോട്ട് എന്നിവയുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഹൈസ്കൂളുകളിലെ ഇൻഫർമേഷൻ ടെക്നോളജി ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം

*18 [288] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൈസ്കൂളുകളിൽ ഇൻഫർമേഷൻ ടെക്നോളജി വിഷയം പഠിപ്പിക്കുന്നതിന് ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(സി) ഇവർക്ക് നൽകുന്ന വേതനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഐ. റ്റി. പഠന നിലവാരം ഉയർത്തുന്നതിന് ഇൻസ്ട്രക്ടർമാർക്ക് അടിസ്ഥാനയോഗ്യത നിർണ്ണയിച്ച് ക്ലിപ്തമായ ഓണറേറിയം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) മാസ്റ്റർ ട്രെയിനർമാരെക്കൊണ്ട് ട്രെയിൻ ചെയ്ത സ്കൂളുകളിലെ അദ്ധ്യാപകർ തന്നെയാണ് ഇൻഫർമേഷൻ ടെക്നോളജി പഠിപ്പിക്കുന്നത്. കൂടാതെ പ്രാരംഭഘട്ടത്തിൽ സ്കൂൾ അദ്ധ്യാപകരെ സഹായിക്കാൻ വേണ്ടി കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ സ്കൂൾ അധികൃതർക്ക് നിയമിക്കാവുന്നതാണ്.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly